## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4651 — 20.10.2011-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷനിൽ ശമ്പള പരിഷ്ക്കരണം

**ചോദ്യം** — **ഉത്തരം**

ശ്രീ.എ.എം.ആരിഫ്

ശ്രീ.കെ.ബാബു
(എക്സൈസും തുറമുഖവും വകുപ്പുമന്ത്രി)

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ വിവിധ തസ്തികകളിലായി എത്ര സ്ഥിരം ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ടെന്നും അവരുടെ ശമ്പള സ്കെയിൽ എപ്രകാരമാണെന്നും വ്യക്തമാക്കാമോ ;

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ, വിവിധ തസ്തികകളിലായി, ആകെ 213 സ്ഥിരം ജീവനക്കാരും, 44 റെഗുലറൈസ്ഡ് ലേബലിംഗ് തൊഴിലാളികളും ജോലി ചെയ്തു വരുന്നു. ; കോർപ്പറേഷനിലെ വിവിധ തസ്തികയിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള സ്കെയിലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന പ്രകാരമാണ്.

| ക്രമ നമ്പർ | തസ്തിക | ശമ്പള സ്കെയിൽ |
|---|---|---|
| 1. | കമ്പനി സെക്രട്ടറി | 23200 - 31150 |
| 2. | ഫിനാൻസ് മാനേജർ | 23200 - 31150 |
| 3. | ഇന്റേണൽ ആഡിറ്റർ | 23200 - 31150 |
| 4. | അക്കൗണ്ട്സ് ഓഫീസർ | 13610 - 20700 |
| 5. | റീജ്യണൽ മാനേജർ | 13610 - 20700 |
| 6 | മാനേജർ | 11910 - 19350 |
| 7. | കോൺഫിഡൻഷ്യൽ സെക്രട്ടറി | 11910 - 19350 |
| 8 | അക്കൗണ്ടന്റ് / അസിസ്റ്റന്റ് മാനേജർ | 10790 - 18000 |
| 9. | കമ്പ്യൂട്ടർ പ്രോഗ്രാമർ | 7990 - 12930 |
| 10. | സ്റ്റെനോഗ്രാഫർ | 7990 - 12930 |
| 11. | അസിസ്റ്റന്റ് ഗ്രേഡ് I | 7990 - 12930 |
| 12. | അസിസ്റ്റന്റ് ഗ്രേഡ് II | 6680 - 10790 |
| 13. | ടൈപ്പിസ്റ്റ് ഗ്രേഡ് I | 7990 - 12930 |
| 14. | ടൈപ്പിസ്റ്റ് ഗ്രേഡ് II | 6080 - 9830 |
| 15. | യു.ഡി. ക്ലാർക്ക് | 6680 - 10790 |
| 16. | എൽ.ഡി. ക്ലാർക്ക് | 5250 - 8390 |
| 17. | ഡ്രൈവർ ഗ്രേഡ് I | 5650 - 8790 |
| 18. | ഡ്രൈവർ ഗ്രേഡ് II | 5250 - 8390 |
| 19. | പ്യൂൺ/ഹെൽപ്പർ/അറ്റൻഡർ/ക്ലീനർ | 4510 - 6230 |
| 20 | സ്വീപ്പർ/സ്കാവഞ്ചർ | 4510 - 6230 |

| | | | |
|---|---|---|---|
| (ബി) | ഈ സ്ഥാപനത്തിൽ പെൻഷൻ ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത കോർപ്പറേഷനിൽ ശമ്പള പരിഷ്ക്കരണം നടത്തിയിട്ട് എത്ര കാലമായി ; ശമ്പള പരിഷ്ക്കരണം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | 8-ാം ശമ്പള പരിഷ്ക്കരണം, സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നടപ്പാക്കിയ അതേ രീതിയിലും അതേ തീയതി മുതൽ പ്രാബല്യത്തിലാക്കിയും കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാർക്കും, ജി.ഒ.(എം.എസ്).121/07/നി.വ. തീയതി 16.5.2007 ഉത്തരവ് പ്രകാരം നടപ്പാക്കിയിട്ടുണ്ട്. 9-ാം ശമ്പള പരിഷ്ക്കരണ ശുപാർശകളും അപ്രകാരം തന്നെ നടപ്പാക്കണമെന്ന കോർപ്പറേഷന്റെ അഭ്യർത്ഥന, സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.